നം. ഇഇ2/22741/15

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതിഃ 07.07.2016:

## സർക്കുലർ

വിഷയംഃ- വ്യവസായം - ജീവനക്കാര്യം - ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് - സംബന്ധിച്ച്.

സൂചനഃ- 1. 25.04.2015-ലെ സ.ഉ.(സാധ) 346/2015/വ്യവ
2. 12.04.2016-ലെ സ.ഉ.(സാധാ) നം. 387/2016/വ്യവ.

വ്യവസായ വാണിജ്യ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ 01.01.2009 മുതൽ 31.12.2009 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത ഒ.എ.നം.1789/2014-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാതിക്കാരെ കേട്ട് തീർപ്പാക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അതുപ്രകാരം പരാതിക്കാരെ ഉൾപ്പെടുത്തി, സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കാൻ സൂചന (1) ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ഒ.എ.നം.901/15 ഫയൽ ചെയ്യപ്പെടുകയും, പരാതിക്കാരെയും മറ്റ് ബന്ധപ്പെട്ടവരേയും കേട്ടശേഷം തീരുമാനമെടുക്കുവാൻ സർക്കാരിനോട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെയെല്ലാം നേരിൽ കേൾക്കുകയും ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അഭാവമാണ് ഇതു സംബന്ധിച്ച അവ്യക്തതയ്ക്കും തർക്കങ്ങൾക്കും കാരണമെന്നും ആയതിനാൽ ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 2009 മുതലുള്ള പുതുക്കിയ സെലക്ട് ലിസ്റ്റ് തയ്യാറാക്കുവാനും സൂചന (2) ലെ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. മാത്രമല്ല ഡെപ്യൂട്ടി രജിസ്ട്രാർ ആയ ഒരു വ്യക്തിക്ക് തുടർന്ന് അസിസ്റ്റന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റത്തിനോ തദ്വാര ശമ്പള ഫിക്സേഷനോ നിലവിലെ നിയമം (സ്പെഷ്യൽ റൂൾ) അനുസരിച്ച് അർഹതയില്ല. ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറിയും തുല്യശമ്പള സ്കെയിൽ ഉള്ളവയുമാണ്.

ആയതിനാൽ ടി തസ്തികകളിൽ ഏതെങ്കിലുമൊന്നിൽ നിയമനം/ സ്ഥാനക്കയറ്റം ലഭിച്ച വ്യക്തിക്ക് ആ നിയമനം/ സ്ഥാനക്കയറ്റം മുതൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റിയ്ക്ക് അർഹതയുണ്ട്. ആയതിനാൽ 26.02.2011 (സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന തീയതി) മുതലുള്ള ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് പുറപ്പെടുവിയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ 26.02.2011 മുതൽ മേൽപ്പറഞ്ഞ ഏതെങ്കിലുമൊരു തസ്തികയിൽ (അസിസ്റ്റന്റ് ഡയറക്ടർ/ ഡെപ്യൂട്ടി രജിസ്ട്രാർ) നിയമനം/ സ്ഥാനക്കയറ്റം ലഭിച്ച വ്യക്തി തങ്ങൾക്ക് അനുയോജ്യമെന്ന് തോന്നുന്ന തസ്തികയിലെ സീനിയോറിറ്റി നിലനിർത്തുകയും മറ്റേ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത ് റീലിംഗ്വിഷ് ചെയ്ത് ആ തസ്തികയിൽ ശമ്പള ഫിക്സേഷൻ മുഖാന്തിരം ലഭിച്ച തുക തിരിച്ചടച്ചുകൊള്ളാമെന്ന സത്യവാങ്മൂലം ഉൾപ്പെടെ 15 ദിവസത്തിനകം ഓപ്ഷൻ (സ്ഥാനക്കയറ്റ ഉത്തരവിന്റെ പകർപ്പ് സഹിതം) ഈ ഓഫീസിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അസിസ്റ്റന്റ് ഡയറക്ടർ/ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിൽ ഏതിലാണോ അവസാനം നിയമനം/ സ്ഥാനക്കയറ്റം ലഭിച്ചത് ആ തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി ലഭ്യമാക്കുന്നതാണ്. 15 ദിവസം കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്ന-തല്ലായെന്നും അറിയിക്കുന്നു. (സത്യവാങ്മൂലത്തിന്റെ മാതൃക അനുബന്ധം -1 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.)

വ്യവസായ വാണിജ്യ ഡയറക്ടർ

സ്വീകർത്താവ്:-

1. പബ്ലിക് റിലേഷൻസ് വകുപ്പ് (ആമുഖകത്ത് സഹിതം)
2. ഡയറക്ടർ, കൈത്തറി & ടെക്സ്ടയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
4. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, . . . . . . . . . . . . . . .
5. പ്രോജക്ട് ഓഫീസർ, കയർ പ്രോജക്ട് ഓഫീസ് . . . . . . . . . . . . .
6. അസിസ്റ്റന്റ് ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി/ മഞ്ചേരി.
7. www.dic.kerala.gov.in
8. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
9. സൂക്ഷിപ്പ് ഫയൽ/ അധിക പകർപ്പ്.

ST.C6. 04.06.2016.

## സത്യവാങ്മൂലം

26/02/2011 മുതൽ ഡപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനകയറ്റം/നിയമനം ലഭിച്ച എനിക്ക്------------- തസ്തികയിൽ സ്ഥാനക്കയറ്റം/നിയമനം ലഭിച്ച തീയതിയായ--------- മുതൽ പ്രാബല്യത്തിൽ എന്റെ സീനിയോരിറ്റി നിലനിർത്തണമെന്നും -------------തസ്തികയിലെ സ്ഥാനക്കയറ്റം/നിയമനം ഞാൻ ഇതിനാൽ റിലിംഗ്വിഷ് ചെയ്യുന്നുവെന്നും ആയത് മുഖാന്തിരം അധികമായി ശമ്പള/അലവൻസ് ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് കോടതി ഉത്തരവിന്റെയോ സർക്കാർ ഉത്തരവിന്റെയോ വ്യവസായ വാണിജ്യ ഡയറക്ടറുടെയോ അക്കൗണ്ടന്റ് ജനറലിന്റെയോ നിയമാനുസൃതമുള്ള നിർദ്ദേശങ്ങളുടെയോ അടിസ്ഥാനത്തിൽ നിരുപാധികം തിരിച്ചടച്ചുകൊള്ളാമെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

ഒപ്പ്/-

പേര്

തസ്തിക

സ്ഥലം

തീയതി